## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

19.12.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2763

### പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ പുന:സംഘടന

**ചോദ്യം**

**ശ്രീ. സി. മമ്മൂട്ടി**

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷൻ പുന:സംഘടിപ്പിച്ചിട്ടുണ്ടോ ; പുതിയ അംഗങ്ങളെ ചേർത്തിട്ടുണ്ടോ;

(ബി) പിന്നോക്ക വിഭാഗത്തെ പ്രതിനിധീകരിച്ച് ഏത് വിഭാഗത്തിൽപ്പെടുന്ന ആളെയാണ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) 'പ്രസ്തുത കോർപ്പറേഷനിൽ പ്രമുഖ പിന്നോക്ക സമുദായമായ മുസ്ലീം സമുദായത്തിന് പ്രാതിനിധ്യം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഇവിടെ നിലവിൽ ഏതെല്ലാം പിന്നോക്ക സമുദായങ്ങൾക്കാണ് പ്രാതിനിധ്യം നല്കിയിട്ടുള്ളത് ; ഒരു സമുദായത്തിൽപ്പെട്ട ഒന്നിലേറെപ്പേർക്ക് പ്രാതിനിധ്യം നൽകിയിട്ടുണ്ടോ ;വ്യക്തമാക്കുമോ ;

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

(എ) ഉണ്ട്.

(ബി) യും (സി) യും (ഡി) യും കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ ആർട്ടിക്കിൾ 19,20 പ്രകാരം ഡയറക്ടർ ബോർഡിൽ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വ്യക്തികളെ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല.

ഡയറക്ടർ ബോർഡിൽ നിലവിലുള്ള അനൗദ്യോഗിക അംഗങ്ങളുടെ വിവരം ഇപ്രകാരമാണ്..

1. ശ്രീ. മോഹൻ ശങ്കർ, ചെയർമാൻ- ഈഴവ
2. ശ്രീ. എസ്. കുട്ടപ്പൻ ചെട്ടിയാർ, ഡയറക്ടർ - വാണിക വൈശ്യ
3. ശ്രീ. സത്യൻ വണ്ടിച്ചാലിൽ, ഡയറക്ടർ - തിയ്യ
4. ശ്രീ. ജെ. സഹായദാസ്, ഡയറക്ടർ - ലത്തീൻ കത്തോലിക്ക

സെക്ഷൻ ഓഫീസർ